## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1206 — 12.06.2014 ൽ മറുപടിക്ക്

### ഉത്സവകാലയളവിലെ സപ്ലൈകോയുടെ പൊതുവിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഉത്സവകാല റിബേറ്റ് നല്കിയ വകയിൽ സപ്ലൈകോയ്ക്ക് നല്കേണ്ടിയിരുന്ന തുക യിൽ കുടിശ്ശിക വന്നിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് കണക്കാക്കി യിട്ടുണ്ടോ; ആയത് എന്നത്തേക്ക് കൊടുത്ത് തീർക്കാൻ കഴിയു മെന്നറിയിക്കുമോ; | (എ) ഉണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് ബജറ്റ് വിഹിതമായ 60 കോടി രൂപയ്ക്കു പുറമേ 56.021 കോടി രൂപ കൂടി അധികമായി അനുവദിച്ചി രുന്നു. ബാക്കി തുക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. |
| (ബി) റംസാൻ, ഓണം, തുട ങ്ങിയ ഉത്സവകാലങ്ങളിൽ പൊതുവിതരണ സമ്പ്ര ദായം ശക്തിപ്പെടുത്താൻ നടപടി ആലോചി ക്കുന്നുണ്ടോ; എങ്കിൽ ഉത്സവകാലങ്ങളിൽ വില ക്കയറ്റം പിടിച്ചുനിർത്താൻ മുൻകൂട്ടി നടപടികൾ സ്വീകരിക്കുമോ; | (ബി) ഈ ഓണം, റംസാൻ ഉത്സവകാലത്തും മുൻവർഷങ്ങളിലെ പോലെ സപ്ലൈകോ കാര്യക്ഷമമായി വിപണിയിടപെടൽ നട ത്തുവാനാണ് ഉദ്ദേശിക്കുന്നത്. ആയതി നുള്ള പ്രാരംഭ നടപടികൾ തുടങ്ങി യിട്ടുണ്ട്. |
| (സി) റേഷൻകടകൾ വഴിയുള്ള അവശ്യ വസ്തുക്കളുടെ വിതരണം പുനരാരംഭി ക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) പരിശോധിക്കുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ